പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3188 — 14.03.2018 ൽ മറുപടിക്ക്

## ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത പ്രോജക്ടിന്റെ സാധ്യതാ പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (എ) യും (ബി) യും ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിന് 21.02.2017 ലെ സ.ഉ.(കൈ) 13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും M/s. Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്ത് 25.09.2017 ലെ സ.ഉ(കൈ) 76/2017/ഗതാ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ എസ് ഐ ഡി സി ധാരണാ പത്രം ഒപ്പിടുകയും പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി 25.04.2017-ൽ സമർപ്പിച്ച സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ചെറുവള്ളി എസ്റ്റേറ്റിനെ സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ;<br>(ഡി) സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച് കോടതിയുടെ പരിഗണനയിലുള്ള കേസ് വേഗത്തിൽ തീർപ്പാക്കുന്നതിനും നഷ്ടപരിഹാരം നൽകാതെ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് സംബന്ധിച്ച കേസിന്റെ അന്തിമവാദം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുൻപാകെ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ